141 (3324) പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന രാജീവ് നഗറിൽ പ്രവർത്തിക്കുന്ന പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 31-5-99 വരെ എത്ര പേർ അംഗങ്ങളായിട്ടുണ്ട്; ഇതിൽ ഇപ്പോൾ അവിടെ താമസിക്കുന്നവർ എത്ര പേരുണ്ട്; അവിടെ നിന്ന് താമസം മാറിപ്പോയവർ ആരെല്ലാം; അവരുടെ പേര് അംഗത്വ രജിസ്റ്ററിൽനിന്ന് നീക്കം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ഈ സൊസൈറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു; ഇതിൽ എത്ര കുടുംബങ്ങൾക്ക് ഈ സൊസൈറ്റിയിൽ അംഗത്വമുണ്ട്; അത് അവിടെയുള്ള ആകെ താമസക്കാരുടെ എത്ര ശതമാനമാണ്;

(സി) ഈ സൊസൈറ്റിയിൽ നിലവിലുള്ള ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാം; അവർ ഓരോരുത്തരും ഇവിടെ താമസത്തിന് വന്നത് എന്നാണ്; ഇവർക്ക് സൊസൈറ്റിയിൽ അംഗത്വം നൽകിയത് എന്നാണ്;

(ഡി) സൊസൈറ്റിയിൽ അംഗത്വത്തിനുള്ള ഫോറം ആവശ്യപ്പെടുന്നവർക്ക് അത് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവിടെ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്ക് അംഗത്വം നൽകാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 31.05.99 വരെ ഈ സംഘത്തിൽ 216 അംഗങ്ങൾ ഉണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനപരിധിക്കകത്ത് എത്രപേർ താമസിക്കുന്നുണ്ടെന്നും താമസം മാറിയവരെപ്പറ്റിയുള്ള വിവരങ്ങളും സംഘത്തിൽ ലഭ്യമല്ല. ക്വാർട്ടേഴ്സ് അനുവദിക്കുന്നതും ക്വാർട്ടേഴ്സ് വിട്ടുപോകുന്നതും ഈ സഹകരണ സംഘത്തിൽ അറിയുന്നില്ല.

(ബി) ഈ സൊസൈറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു എന്നതിന്റെ കണക്കുകൾ സംഘത്തിൽ ലഭ്യമല്ല. 216 പേർക്ക് സംഘത്തിൽ അംഗത്വം നൽകിയിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ശതമാനം തിട്ടപ്പെടുത്തുവാൻ സാധ്യമല്ല.

(സി) നിലവിലുള്ള ഭരണസമിതിയിൽ 9 അംഗങ്ങളുണ്ട്. അവരുടെ പേരും അംഗത്വം നൽകിയ തീയതിയും ചുവടെ ചേർക്കുന്നു.

പേര്	അംഗത്വം നൽകിയതിന്
1. ശ്രീ. മാത്യു.വി. ജോൺ (പ്രസിഡന്റ്)	15-1-1996.
2. ശ്രീ. ഒ.കെ. കുഞ്ഞിക്കുട്ടി (വൈസ് പ്രസിഡന്റ്)	19-1-1996.
3.ശ്രീ. പി. അംബുജാക്ഷൻ (സെക്രട്ടറി)	19-1-1996.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. കെ.വി. സുധീർ (ട്രഷറർ)	15-11-'96.
5. ശ്രീ.എം. മാത്യുകുട്ടി (ഭരണസമിതി അംഗം)	19-1-'96.
6. ശ്രീ. ഒ.കെ. രാജൻ (ഭരണ സമിതി അംഗം)	15-11-'97.
7. ശ്രീ. എം. ശശികുമാർ (ഭരണ സമിതി അംഗം)	15-11-'92.
8. ശ്രീ. ജി. സദാനന്ദൻ (ഭരണസമിതി അംഗം)	15-11-'97.
9. ശ്രീ. സി.കെ. സുജകല (ഭരണ സമിതി അംഗം)	19-1-'96.

ഇവർക്ക് ക്വാർട്ടേഴ്സ് ലഭിച്ചിട്ടുള്ളത് എന്നാണെന്നും എന്നാണ് താമസത്തിന് വന്നിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ സഹകരണ സംഘത്തിൽ ലഭ്യമല്ല.

(ഡി) അംഗത്വഫോറം ആവശ്യപ്പെടുന്നവർക്ക് നൽകാറുണ്ട്.

(ഇ) അംഗത്വം നൽകുന്നകാര്യം ഭരണസമിതിയാണ് പരിശോധിക്കേണ്ടത്.

142 (3325) കരമന രാജീവ് നഗർ കൺസ്യൂമർ സ്റ്റോഴ്സ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന രാജീവ് നഗറിൽ പ്രവർത്തിക്കുന്ന പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരു കൺസ്യൂമർ സ്റ്റോർ നടത്തുന്നുണ്ടോ;

(ബി) 1995-96, 1996-97, 1997-98 എന്നീ സാമ്പത്തികവർഷങ്ങളിലോരോന്നിലും ഇതിന്റെ ടേൺ ഓവർ എത്രയായിരുന്നുവെന്ന് പറയുമോ;

(സി) പ്രസ്തുത ഓരോ വർഷത്തിലും എന്തു തുകയ്ക്കുള്ള സാധനങ്ങൾ ഈ സ്റ്റോറിൽ കാണാതായിട്ടുണ്ട്;

(ഡി) പ്രസ്തുത സ്റ്റോറിൽ ഉള്ള സാധനങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഇ) ഈ കാലഘട്ടത്തിൽ ഇപ്രകാരം കാണാതായ സാധനങ്ങളുടെ വില എഴുതിത്തള്ളിയിട്ടുണ്ടോ; എങ്കിൽ ഇത് ക്രമാനുസൃതമാണോ;

(എഫ്) സഹകരണ നിയമവും സംഘത്തിന്റെ ബൈലായും ഇപ്രകാരം എഴുതിതള്ളാൻ അനുവദിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഇതിന് സഹകരണ രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം ഈ തുക സാധനങ്ങൾ കാണാതാകുന്നതിന് ഉത്തരവാദികളായിട്ടുള്ളവരിൽ നിന്നും ഈടാക്കുവാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly